## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6190** **02/04/2018-ൽ മറുപടിയ്ക്ക്**

# സഹകരണ വകുപ്പിന്റെ കുടിശ്ശിക നിവാരണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പ് കുടിശ്ശിക നിവാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി -2018" 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | തിരിച്ചടവ് മുടങ്ങിയവർക്ക് കുടിശ്ശിക തീർക്കാൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | വായ്പ തിരിച്ചടവ് മുടങ്ങിയവർക്ക് കുടിശ്ശിക തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം 2018 പദ്ധതി പ്രകാരം വിവിധങ്ങളായ ഇളവുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. അതനുസരിച്ച് നവകേരളീയം കുടിശ്ശിക നിവാരണം 2018 പ്രകാരം 2017 ഡിസംബർ 31 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായിട്ടുള്ള എല്ലാ വായ്പകളുടെയും പിഴപ്പലിശ, നോട്ടീസ് ചെലവുകൾ എന്നിവ പൂർണമായും ഒഴിവാക്കി നൽകുന്നു. 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 10,000/- രൂപ വരെയുള്ള വായ്പകളിൽ സംഘം തല കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ മുതൽ തുക മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. 5 വർഷത്തിൽ താഴെ കുടിശ്ശികയായ ഇത്തരം വായ്പകളിൽ സംഘം തല കമ്മിറ്റിയുടെ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50% ഇളവ് നൽകുന്നു.<br>1 വർഷം കുടിശ്ശികയായതിന് 10% ഇളവ്.<br>2 വർഷം കുടിശ്ശികയായതിന് 20% ഇളവ്.<br>3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായതിന് 30% മുതൽ 50% വരെ ഇളവ്. |

| | | | |
|---|---|---|---|
| | | | മരണപ്പെട്ടവരുടേയും മാരകരോഗം ബാധിച്ചവരുടെയും ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പകളിൽ പലിശയുടെ 50% വരെ സംഘംതല കമ്മിറ്റിയ്ക്ക് ഇളവ് അനുവദിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഇളവ് 1 ലക്ഷം രൂപയിൽ കൂടുതൽ നൽകേണ്ടി വന്നാൽ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്.<br><br>2 ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ ടി വായ്പ എടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശയോ ഇപ്പോഴത്തെ പലിശയോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ ഈടാക്കിയും പലിശ മുതലിനെ അധികരിക്കാത്ത കേസുകളിൽ 25% വരെ ഇളവ് നൽകി സംഘംതല കമ്മിറ്റിക്ക് തീർപ്പ് കൽപ്പിക്കാവുന്നതാണ്. പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ തീർപ്പാക്കാവുന്നതാണ്.<br><br>2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ ഒരു വർഷം കുടിശ്ശികയായവയുടെ പിഴപ്പലിശ ഒഴിവാക്കി പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവ് എന്ന് നോക്കി കുറഞ്ഞ നിരക്കിൽ വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.<br>1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായതിന് 10% പലിശ ഇളവ്.<br>3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായതിന് 15% പലിശ ഇളവ്.<br>5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായതിന് 20% പലിശ ഇളവ്.<br>10 വർഷത്തിനു മുകളിൽ കുടിശ്ശികയായതിന് 25% പലിശ ഇളവ്. .<br>ഈ പദ്ധതി സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 6/2018, 9/2018, 19/2018 സർക്കുലറുകൾ പുറപ്പെടുവിക്കുകയും ആയത് എല്ലാ സംഘങ്ങൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി അദാലത്തുകൾ നടത്തി പരമാവധി ഇളവുകൾ നൽകിക്കൊണ്ട് വായ്പ തീർപ്പാക്കുന്നതിന് സർക്കുലറിൽ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ലോൺ എടുത്ത വ്യക്തി മരണപ്പെടുന്നപക്ഷം റിസ്ക് ഫണ്ടിൽ നിന്ന് സഹായം ലഭിക്കുന്നതിന് | (സി) | വായ്പാക്കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് ആറ് മാസത്തിൽ അധികരിച്ച് കുടിശ്ശിക ഉണ്ടാകുവാൻ പാടില്ല. |

| | | | |
|---|---|---|---|
| | നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | | മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുക. വായ്പ എടുക്കുന്ന വ്യക്തികളിൽ നിന്നും 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 525/- രൂപയും ബന്ധപ്പെട്ട സഹകരണ സംഘം, വായ്പക്കാരിൽ നിന്നും ഈടാക്കി സ്കീം നടപ്പിലാക്കുന്ന ബോർഡിലേക്ക് അടയ്ക്കേണ്ടതാണ്. വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുന്ന കേസുകളിലാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. മരണപ്പെട്ട കേസുകളിൽ വായ്പക്കാരന്റെ മരണസർട്ടിഫിക്കറ്റ് അനന്തരാവകാശി ഹാജരാക്കേണ്ടതുണ്ട്. ചികിത്സാ ധനസഹായത്തിന് ബന്ധപ്പെട്ട ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതാണ്. |
| (ഡി) | ലോൺ എടുത്ത വ്യക്തി മരണപ്പെട്ട തീയതിക്കുശേഷം ലോണിന്മേൽ പലിശ ഈടാക്കുന്നുണ്ടോ; | (ഡി) | ഈടാക്കുന്നുണ്ട്. എന്നാൽ വായ്പക്കാരൻ മരണമടഞ്ഞ് ഒരു വർഷത്തിനകം അവകാശികൾ വായ്പാ കണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരണപ്പെട്ട ദിവസംമുതൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന തീയതിവരെയുള്ള പലിശ ഒഴിവാക്കി നൽകാവുന്നതാണ്. |
| (ഇ) | റിസ്ക് ഫണ്ടിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകിയാൽ ആയതിന്മേൽ തീരുമാനമുണ്ടാവുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; റിസ്ക് ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കാൻ കാലതാമസം വരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (ഇ) | റിസ്ക് ഫണ്ടിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകിയാൽ ആയതിന്മേൽ തീരുമാനമുണ്ടാവുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല.<br><br>റിസ്ക് ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കാൻ കാലതാമസം വരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ